പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5369 01.07.2019 ലെ മറുപടിക്ക്

**മണ്ണ് സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഏതെല്ലാം വകുപ്പിന്റെ പദ്ധതികൾക്കാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത്; ഇത് ദീർഘകാല മണ്ണ് സംരക്ഷണത്തിനായി പ്രയോജനപ്പെടുമോ എന്ന് വിശദീകരിക്കുമോ;<br><br>ബി) ഈ പദ്ധതിയിലൂടെ തോടുകളുടെയും കുളങ്ങളുടെയും ദീർഘകാല സംരക്ഷണം ഉറപ്പാക്കുന്നതിന് കഴിയുമോ; വിശദീകരിക്കുമോ;<br><br>സി) ഈ പദ്ധതി നടപ്പിലാക്കിയത് മൂലം കയർ മേഖലയിൽ ഉത്പാദന വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ? | എ), ബി) & സി)<br>കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുന:സംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനം. ഈ പദ്ധതി വഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിക്കപ്പെടുകയെന്ന വ്യക്തമായ കാഴ്ച്ചപ്പാടാണുള്ളത്.കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിലൂടെ മണ്ണ് സംരക്ഷണത്തിനായി കയർ പ്രയോജന-പ്പെടുത്താവുന്നതാണ്.<br>കയർ കേരള 2017 ൽ വച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ടി സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മണ്ണ്-ജല സംരക്ഷണം, കാർഷിക റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ, കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്, കയർ ഭൂവസ്ത്രം ലഭ്യമാക്കുന്നതിനുള്ള കരാർ ഒപ്പ് വച്ചു.മാർച്ച് 2019 വരെ 5608011 സ്ക്വ.മീറ്റർ കയർ ഭൂവസ്ത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോമിൽ, കെ.എസ്.സി.സി തുടങ്ങിയ ഏജൻസികൾ വഴി വിതരണം ചെയ്യുകയും വിരിക്കുകയും ചെയ്തിട്ടുണ്ട്.<br>എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൻ കീഴിൽ, സംസ്ഥാനത്തെ കുളങ്ങളും തോടുകളും അടക്കമുള്ള ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനായി ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതുവഴി, കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ |

| | |
|---|---|
| | സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.ചകിരി/കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓഡറുകൾ ലഭ്യമാക്കുകയും അത് മൂലം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.<br>ടി നിർമ്മാണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ മെച്ചങ്ങൾ പലതാണ്.കയർ ഭൂവസ്ത്രം നെയ്തെടുക്കുന്നതു-കൊണ്ട് ഊടും പാവും ഉണ്ട്.ചരിവിൻ നീളത്തിന്റെ ദിശയിൽ ഇത് വിരിച്ചാൽ കയർ ഭൂവസ്ത്രം ജലത്തെ ശേഖരിച്ച് സ്വന്തം പ്രതലത്തിലൂടെ വലിച്ചുകൊണ്ടു പോയി പുറത്തേയ്ക്ക് ഒഴിക്കിവിടും.ഇങ്ങനെ വെള്ളം എളുപ്പം വാർന്നു പോകാൻ സഹായിക്കുന്നു. അതേസമയം കയർഭൂവസ്ത്രം അരിപ്പയായി പ്രവർത്തിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു. ചണം പോലുള്ള നാരുകളിൽ നിന്ന് വ്യത്യസ്തമായി ഏതാനും വർഷം കൊണ്ടേ കയർ ജീർണ്ണിക്കൂ. അതിനിടയിൽ സ്വാഭാവികമായും മണ്ണിനെ സംരക്ഷിക്കുന്ന പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് പ്രകൃതി സഹജമായ കവചം മണ്ണിനെ ഒരുക്കിയെടുക്കും.അവസാനം കയർ ഭൂവസ്ത്രം ജീർണ്ണിച്ച് പ്രകൃതിക്ക് ദോഷമുണ്ടാക്കാതെ മണ്ണിൽ ലയിച്ചു ചേരുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ